# ഡെയ്സി

■ നളിനി ശശിധരൻ

മധ്യവേനൽ അവധിക്കുശേഷം വീണ്ടും ഒരു പുതുവർഷം പിറക്കുകയാണ്. ജെറി നേരത്തേ തന്നെ ഉണർന്നു. തന്റെ പതിവ് ജോലികളിൽ വ്യാപൃതനായി. പൂക്കൾ പറിച്ചെടുത്ത് ആ കൊച്ചു കുഴിമാടത്തിൽ കൊണ്ടുവച്ചു. എന്നിട്ട് ഹോസ് എടുത്ത് ചെടികെല്ലാം ശ്രദ്ധയോടെ വെള്ളം ഒഴിച്ചുകൊടുത്തു. അവ തന്നെ നോക്കി നന്ദി പ്രകടിപ്പിക്കുന്നതായി അവനു തോന്നി.

പിന്നെ സ്നേഹത്തോടെ അവ ഓരോന്നിനെയും അവൻ തലോടി. 'പാവം ചെടികൾ!' അവയ്ക്കുമില്ലേ വിശപ്പും ദാഹവും. നമ്മെപ്പോലെ അവയ്ക്കും സങ്കടവും സന്തോഷവും ഉണ്ട്. കണ്ണില്ലെങ്കിലും അവയ്ക്ക് കാഴ്ചയുണ്ട്. വേരുകൾ വെള്ളം ഉള്ള ഭാഗം നോക്കി സഞ്ചരിക്കുന്നു. പ്രകാശമുള്ള ഭാഗത്തേക്ക് ചാഞ്ഞും ചരിഞ്ഞും ഇലകളെ ഉയർത്തിപ്പിടിക്കുന്നു. ഇലകളുടെ വിന്യാസം അവൻ കൗതുകത്തോടെ നോക്കിനിന്നു.

ഓരോന്നിനും ഓരോ രീതിയാണ്. എങ്കിലും എല്ലാ വിളകൾക്കും ഇലകൾക്കും സൂര്യപ്രകാശം കിട്ടത്തക്ക രീതിയിലാണ് അവയുടെ ക്രമീകരണം. എല്ലാം ഒരത്ഭുതം



വന വിസ്തൃതി ഏറ്റവും കൂടുതലുള്ള ഏഷ്യൻ രാജ്യം– ചൈന

തന്നെ. വെള്ളവും വളവും കിട്ടിയില്ലെങ്കിൽ അവർ വാടിത്തളരും. ഇലകൾ മഞ്ഞളിക്കും.

വെള്ളം കിട്ടുമ്പോൾ അവരുടെ സന്തോഷം ഒന്നു കാണേണ്ടതുതന്നെ. ഉണക്കിപ്പൊടിച്ച ചാണകം ശരിയായി ചെടികൾക്ക് ഓരോന്നിലും ഇട്ടുകൊടുത്തു. ഫാക്ടറിയിൽ നിന്നും എട്ടു മണിക്കുള്ള സൈറൺ മുഴങ്ങിയപ്പോൾ അവൻ വീട്ടിലേക്കോടി. പിന്നെ സ്കൂളിൽ പോകുവാൻ ഉള്ള ഒരുക്കമായി.

അമ്മ കൊടുത്ത ഭക്ഷണപൊതിയും വാട്ടർബോട്ടിലും വാങ്ങി ബാഗിൽ ഇട്ടുകൊണ്ട് കൃത്യസമയത്തുതന്നെ അവൻ യാത്ര പറഞ്ഞിറങ്ങി. അമ്മ അത്ഭുതത്തോടെ നോക്കി നിന്നു; ഒപ്പം ആശ്വാസവും. കാരണം മുമ്പൊന്നും അവൻ അങ്ങനെ ആയിരുന്നില്ല.

ഒരു ജോലിയും അവൻ ചെയ്യാറില്ല. അമ്മ കഷ്ടപ്പെട്ട് പരിപാലിക്കുന്ന ചെടികളെ വെട്ടിയെറിയും. ഒരു തുള്ളി വെള്ളം പോലും ഒഴിച്ചുകൊടുക്കില്ല. വളരെ പണിപ്പെട്ടാണ് അമ്മ അവനെ സ്കൂളിലേക്ക് പറഞ്ഞുവിടുന്നത്. സ്കൂൾ ബസ് കിട്ടാതെ മടങ്ങിവരുന്ന ദിവസവും കുറവല്ല.

ബസ്സിൽ കയറിയപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. അത് മറ്റുള്ളവർ കാണാതിരിക്കാൻ അവൻ നന്നേ പാടുപെട്ടു. അവനെ കണ്ടപ്പോൾ കൂട്ടുകാർ വിളിച്ച് ഒച്ചകൂട്ടിയെങ്കിലും അവൻ ഹായ് പറഞ്ഞ് മുഖം കൊടുക്കാ



സമുദ്രനിരപ്പിൽനിന്നും ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം– അന്റാർട്ടിക്ക

തെ പിന്നിലെ ഒഴിഞ്ഞ സീറ്റിൽ പോയിരുന്നു. ബസ്സിൽ കയറിയാൽ പൊതുവെ ബഹളം വെയ്ക്കുന്ന ശീലമാണ് അവനുള്ളത്.

പക്ഷേ ഇന്ന്! അവന്റെ ചിന്ത ഡെയ്സിയെ കുറിച്ച് മാത്രമായിരുന്നു. സ്കൂളിലേക്ക് യാത്രയാക്കാൻ ഇന്ന് അവൾ ഇല്ലല്ലോയെന്ന സത്യം അവനെ തളർത്തി. എന്നും റോഡുവരെ അവളും ഉണ്ടാകും. സ്കൂൾ വിട്ടുവരുമ്പോൾ അവനെ സ്വീകരിക്കാൻ കൃത്യമായി അവളും എത്തിയിരിക്കും. പക്ഷേ അവൾ പിന്തുടരുന്നത് അവന് ഇഷ്ടമായിരുന്നില്ല. പലപ്പോഴും അവൻ അവളെ കല്ലെടുത്ത് എറിഞ്ഞോടിക്കും. അല്ലെങ്കിൽ പള്ളയിൽ ഒറ്റ ചവിട്ട് വെച്ചുകൊടുക്കും. വേദനിക്കുമ്പോൾ ങ! എന്ന് കരഞ്ഞുകൊണ്ട് പിന്നിലേക്കോടും. അൽപം കഴിഞ്ഞ് വീണ്ടും ഓടിയെത്തും.

തിരിച്ചെത്തുമ്പോൾ സ്കൂൾ ബസ്സിന്റെ ഡോർ തുറക്കാൻ പോലും പറ്റാതെയായിരിക്കും അവളുടെ സ്നേഹപ്രകടനം. മുൻകാലുകൾ ഉയർത്തി അവന്റെ നെഞ്ചിൽ വെയ്ക്കും.

പിന്നെ പ്രത്യേകതരത്തിൽ ഒരു ശബ്ദം ഉണ്ടാക്കും. അവന് ഇതൊന്നും ഇഷ്ടമല്ല. പക്ഷേ അമ്മയെ സംബന്ധിച്ചിടത്തോളം ഇടവഴിലൂടെയുള്ള തനിച്ചുള്ള യാത്രയിൽ അവൾ കൂടെയുള്ളത് ഒരു വലിയ ആശ്വാസമായിരുന്നു.

അവധിക്കാലമായാൽ ജെറി ഒറ്റയ്ക്കാണ്. കൂടെ കളിക്കാൻ ആരുമില്ല. വെറുതേ പന്തുതട്ടി നടക്കും; കൂടെ ഡെയ്സിയും ഉണ്ടാകും. ഒരു ദിവസം പന്ത് ബാറ്റ് ചെയ്തപ്പോൾ അതുരുണ്ടുരുണ്ട് പൊന്തക്കാട്ടിലേക്കു പോയി. അവൻ അതെടുക്കാൻ ശ്രമിച്ചപ്പോൾ ഡെയ്സി അവന്റെ ഉടുപ്പിൽ പിടിച്ചുവലിച്ചു. അവനു ശരിക്കും ദേഷ്യം വന്നു. 'ഇതെന്തു ശല്യം!' എന്നു പിറുപിറുത്തുകൊണ്ട് അവൾക്കൊറ്റ ചവിട്ടു കൊടുത്തു.

അവൻ പന്തെടുക്കാൻ മുന്നോട്ടാഞ്ഞതും അത് കുരച്ചുകൊണ്ട് മുന്നിലേക്ക് ചാടിവീണു. ചെടിയിൽ പത്തിവിടർത്തിയിരുന്ന പാമ്പിനെ അവൾ വായ്ക്കുള്ളിലാക്കി. പിന്നെ രണ്ടു പേരും തമ്മിൽ പൊരിഞ്ഞ പോരാട്ടമായിരുന്നു. ജെറി അതുകണ്ട് സ്തംഭിച്ചു നിന്നുപോയി. പാമ്പിനെ കടിച്ചു മുറിച്ചു രണ്ടു മൂന്ന് കഷ്ണങ്ങളാക്കിയശേഷം പന്ത് കടിച്ചെടുത്തു ജെറിയുടെ മുന്നിൽ കൊണ്ടിട്ടു. അപ്പോഴേക്കും അവളും കുഴഞ്ഞുവീണു.

അവൾ തന്നെ തടഞ്ഞില്ലയിരുന്നെങ്കിൽ ഇന്നു കൂട്ടുകാരോടൊപ്പം താൻ ഉണ്ടാകുമായിരുന്നില്ല. തന്നെ രക്ഷിക്കാനാണ് അവൾ ഉടുപ്പിൽ പിടിച്ചു വലിച്ചതെന്നു അവൻ അറിഞ്ഞതേയില്ല. 'പാവം പട്ടി!' തന്റെ അമ്മ കൊടുത്ത ചോറിന്റെ നന്ദിയാണ് അവൾ തന്നോട് കാട്ടിയത്. താൻ ഒരിക്കലെങ്കിലും ഇറ്റ് സ്നേഹം അവളോട് കാട്ടിയിട്ടില്ല. അവളോടെന്നല്ല, ആരോടും ഒരു മമതയും താൻ കാട്ടിയിരുന്നില്ല. എന്നിട്ടും സ്വന്തം ജീവൻ കൊടുത്ത് അവൾ തന്നെ രക്ഷിച്ചു.

ഉണ്ട ചോറിനു കൂറുകാട്ടുന്നത് നായ മാത്രമാണെന്ന് അമ്മ പലപ്പോഴും പറയാറുണ്ട്. ഇക്കണക്കിന് ഇഷ്ടമുള്ളതെല്ലാം ഉണ്ടാക്കിത്തന്നു തന്നെ വളർത്തുന്ന അച്ഛനോടും അമ്മയോടും എന്തുമാത്രം കടപ്പാടാണ് തനിക്കുള്ളത്! തനിക്കത് നിറവേറ്റണം. ഡെയ്സിയോടുള്ള കടപ്പാട് കൂടിയായിരിക്കും അത്.

പഠിക്കണം നന്നായി പഠിക്കണം. ജോലി സമ്പാദിക്കണം. വയസ്സുകാലത്ത് അച്ഛനും അമ്മയ്ക്കും താങ്ങും തണലുമായിരിക്കണം. സ്കൂളിനു മുന്നിൽ ബസ്സ് എത്തിക്കഴിഞ്ഞു. പുസ്തകസഞ്ചിയുമായി ക്ലാസിലേക്ക് നടന്നുനീങ്ങുമ്പോൾ അവൻ സ്വയം തീരുമാനിച്ചു: ''ഇന്നു മുതൽ ജെറി നല്ല കുട്ടിയായിരിക്കും. എല്ലാവരും സ്നേഹിക്കുന്ന, എല്ലാവരെയും സ്നേഹിക്കുന്ന ജെറി!''


മലർവാടി
Silver Hills,Kozhikode
Pin: 673012, Ph: 0495 2732 555
Email: malarvadicrc@gmail.com

വരിസംഖ്യ

| | |
|---|---|
| 1 വർഷം | 350 |
| 2 വർഷം | 700 |

Federal Bank
Nadakavu Branch
Current A/C No. 13000200015001
IFSC Code: FDRL0001300

ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, തപാൽ വരിക്കാരനാണെങ്കിൽ വരിനമ്പറും പേരും എഴുതേണ്ടതാണ്.


ഏറ്റവും കടുത്ത വനനശീകരണ ഭീഷണി നേരിടുന്ന രാജ്യം– ബ്രസീൽ